## ടി.എം സൂഫി സാഹിബ്



**എടത്തനാട്ടുകര** കാർകുൻ ഹൽഖയിലെ മുതിർന്ന അംഗമായിരുന്ന തോരക്കാട്ടിൽ സൂപ്പി സാഹിബ്(90) കഴിഞ്ഞ നവംബർ 9ന് നിര്യാതനായി. ജംഇയ്യത്തുൽ ഇസ്‌ലാഹ് ട്രസ്റ്റ് മസ്ജിദ്, റവാഹ അനാഥശാല, മദ്റസത്തുൽ ഇസ്‌ലാമിയ എന്നിവയിലെല്ലാം അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

മനുഷ്യ സ്നേഹിയും ഗുണകാംക്ഷിയും പരോപകാരിയും പ്രകൃതി സ്നേഹിയും ആയിരുന്നു. റവാഹ പള്ളിയും ഖബർ സ്ഥാനവും നിലകൊള്ളുന്ന സ്ഥലം പരേതൻ വഖഫ് ചെയ്തതാണ്. പൊതുജനങ്ങൾക്ക് വേണ്ടി പള്ളിയുടെ മുൻവശത്ത് സ്വന്തം ചെലവിൽ ഒരു വെയ്റ്റിംഗ് ഷെഡ് നിർമിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന ഏതാനും കുടുംബങ്ങൾക്ക് സ്വന്തം വളപ്പിൽ കിണർ കുഴിക്കാൻ അനുവാദം കൊടുത്തു.

ചെലവുകളും മറ്റും അംഗങ്ങളിൽ വീതിക്കപ്പെടുമ്പോൾ തന്റെ വിഹിതം അവസാനം മാത്രമേ പറയുകയുള്ളൂ. കാരണം, പ്രസ്തുത ചെലവിലേക്ക് തികയാത്ത സംഖ്യ മുഴുവൻ അദ്ദേഹം ഏറ്റെടുക്കുകയായിരുന്നു പതിവ്. ഭാര്യയും 9 മക്കളുമുണ്ട്.

**ടി. അബ്ദുൽറഷീദ് മാസ്റ്റർ എടത്തനാട്ടുകര**

## ആലിക്കുട്ടി ഹാജി

**എളങ്കൂരിലെ** സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിധ്യമായിരുന്നു കൊമ്പൻ ആലിക്കുട്ടി ഹാജി(80). ചെറുപ്പന്നാൾ മുതലേ പുരോഗമന ചിന്താഗതിക്കാരനും അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും കടുത്ത വിരോധമുള്ളവനുമായിരുന്നു. സംഘടനകളിലൊന്നും അംഗമില്ലാതിരുന്ന ആലിക്കുട്ടിഹാജി പുരോഗമന പ്രസ്ഥാനങ്ങളുടെ പരിപാടികളിൽ സ്ഥിരം ശ്രോതാവായിരുന്നു.

റോഡുകൾ, ആശുപത്രികൾ, സ്കൂളുകൾ, ആരാധനാലയങ്ങൾ, വൈദ്യുതി, ടെലിഫോൺ തുടങ്ങി എളങ്കൂർ വില്ലേജിലെ വികസന പ്രവർത്തനങ്ങളിലെല്ലാം ഹാജിയുടെ വിയർപ്പിന്റെ ഗന്ധമുണ്ട്. വികലാംഗർ, വിധവകൾ, വൃദ്ധർ എന്നിവരുടെ ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുന്നതിനു അദ്ദേഹം ജാഗ്രത പുലർത്തി.

**കുഞ്ഞാൻ എളങ്കൂർ**

## ദൗലത്തുന്നിസാ ബീഗം



**വിശ്വാസം,** സ്നേഹം, കാരുണ്യം, ത്യാഗം എന്നിവയിൽ വലിയ മാതൃകയായിരുന്നു വലപ്പാട് വനിതാ ഹൽഖാംഗം ദൗലത്തുന്നിസാ ബീഗം (70). ജമാഅത്തെ ഇസ്‌ലാമി അംഗവും ജില്ലാ വ്യവസായ കേന്ദ്രം റിട്ട. ജനറൽ മാനേജറുമായ എ.കെ അബ്ദുസ്സലാം സാഹിബിന്റെ ഭാര്യ.

പൊതു സമ്പർക്കം, ജനസേവനം, രോഗീ പരിചരണം, ജീവകാരുണ്യ പ്രവർത്തനം എന്നിവ ജീവിത ചര്യയായിരുന്നു. ഖുർആനുമായുള്ള ബന്ധം, കുടുംബബന്ധങ്ങൾ നിലനിർത്തുക, ആരാധനാ കർമങ്ങൾ, സാമ്പത്തിക അച്ചടക്കം എന്നിവയിൽ ജാഗ്രത പുലർത്തിയിരുന്നു.

അഭിപ്രായങ്ങൾ പറയുന്നതിലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലും അവരുടെ കഴിവ് പ്രശംസനീയമായിരുന്നു. ക്ഷാമകാലത്ത് മാന്യത കൈവിടാതെയും ക്ഷേമകാലത്ത് ധൂർത്തില്ലാതെയും എങ്ങനെ ജീവിക്കാം എന്നവർ പഠിപ്പിച്ചു. കാൻസർ ബാധിച്ച് വേദന അനുഭവിക്കുമ്പോഴും അല്ലാഹുവിന്റെ പരീക്ഷണത്തിലും വിധിയിലും പ്രതീക്ഷയർപ്പിച്ച് ദൃഢചിത്തയായിരുന്നത് ശരിക്കും മാതൃക തന്നെ.

മൂന്നു പെൺമക്കളെയും ഒരു മകനെയും ഇസ്‌ലാമിക ശിക്ഷണവും വിദ്യാഭ്യാസവും നൽകി സ്വയം പര്യാപ്തരാക്കിയ മാതൃകാ കുടുംബനിയാണവർ. ഒരു ബഹുസ്വര സമൂഹത്തിൽ വിശ്വാസികൾ എങ്ങനെയാവണം എന്നതിന് സാക്ഷ്യം വഹിക്കുന്നതായിരുന്നു രോഗാവസ്ഥയിലും മരണാനന്തര ചടങ്ങുകളിലും കണ്ട സഹോദര സമുദായാംഗങ്ങളുടെ നിറ സാന്നിധ്യം.

**സി.കെ.എം മാറഞ്ചേരി**

## പി. സൈതാലി



**കാളികാവ്** പ്രദേശത്തെ ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങളിലെ സജീവ വ്യക്തിത്വമായിരുന്നു പറമ്പിൽ സൈതാലി സാഹിബ്. ഖുർആൻ പഠനത്തിൽ നിരതനായി കാലം കഴിച്ചുകൂട്ടിയ അദ്ദേഹം ദൈവിക വചനങ്ങളുടെ അകക്കാമ്പുകൾ കൊണ്ട് ചമഞ്ഞൊരുക്കിയ കവിതകൾ രചിക്കുന്നതിൽ മികവ് കാണിച്ചിരുന്നു. ഒഴിവുവേളകളിൽ കവിതാ രചനയിലായിരുന്നു സൈതാലി സാഹിബ് താൽപര്യം കാണിച്ചത്. വാർധക്യത്തിലും അഗാധമായി ഖുർആൻ പഠിക്കാൻ അദ്ദേഹം ഉത്സാഹം കാണിച്ചിരുന്നു. പ്രദേശത്തെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനായിരിക്കെ തന്നെ ഇസ്‌ലാമിക പ്രസ്ഥാനത്തോട് താൽപ

ര്യം കാണിച്ചു. തന്റെ കുടുംബത്തെ മുഴുവൻ ഇസ്‌ലാമിക ചര്യയിൽ തന്നെ അടിയുറപ്പിച്ച് നിർത്തുന്നതിലും സൈതാലി സാഹിബ് വിജയിച്ചു.

**അത്തീഫ്**

## ടി.കെ സഫിയ



**വടക്കാഞ്ചേരി** ഏരിയയിലെ കരുതക്കാട് വനിതാ ഹൽഖാ സെക്രട്ടറിയായിരുന്നു നവംബർ 18ന് നിര്യാതയായ ടി.കെ സഫിയ (50).

ഹൽഖാ യോഗങ്ങൾ സഫിയയുടെ വീട്ടിൽ വെച്ചായിരുന്നു പലപ്പോഴും സംഘടിപ്പിച്ചിരുന്നത്. വളരെ വിശാലമായ സുഹൃദ്ബന്ധങ്ങൾ ഉണ്ടായിരുന്ന അവർ ജാതി മത ഭേദമന്യേ എല്ലാവരോടും സ്നേഹത്തോടെ അടുത്തിടപഴകിയിരുന്നു. ജനസേവന പ്രവർത്തനങ്ങളിലും പ്രസ്ഥാന പ്രവർത്തനങ്ങളിലും വളരെ സജീവമായിരുന്നു.

രോഗം മൂലം ചികിത്സയിലായിരിക്കുമ്പോഴും ഹൽഖാ യോഗത്തിൽ സംബന്ധിക്കുമായിരുന്നു. മേലേതിൽ (കിഴക്കേ പീടികയിൽ) മുഹമ്മദ് അബ്ദുർറഹ്മാനാണ് ഭർത്താവ്. മക്കൾ: നിസാം,നസീം, ഫാത്വിമ.

**റുഖിയ അബ്ദുർറഹ്മാൻ**

---

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*